# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

No. 92/2018/KEM

തിരുവനന്തപുരം

തീയതി :29/06/18

## പ്രത്യേക ശ്രദ്ധയ്ക്ക്

കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യമാണ്. ആഗോളതാപനവും, കാലാവസ്ഥാ വ്യതിയാനവും ഗൗരവമായി മാനവ സമൂഹം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ രംഗത്ത് നടക്കുന്ന ഏതൊരു പ്രവർത്തനത്തിനും പ്രസക്തി ഏറെയുണ്ട്. എല്ലാ സ്കൂളിലും ജൈവവൈവിധ്യ ഉദ്യാനം എന്നതും പ്രകൃതിയാണ് ഏറ്റവും നല്ല പാഠപുസ്തകം എന്നതുമായ കാഴ്ചപ്പാട് മുന്നോട്ടു വക്കുന്നത് എല്ലാം ഈ ഒരു പശ്ചാത്തലത്തിലാണ്.

ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ അവധിക്കാല പരിശീലനത്തിന്റെ ഭാഗമായി നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതോത്സവം എന്ന പുസ്തകം തയ്യാറാക്കി എല്ലാ അധ്യാപകർക്കും എത്തിച്ചിട്ടുണ്ട്. ഇതിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളെല്ലാം പഠനപ്രവർത്തനങ്ങളുടെ സ്വാഭാവിക ഭാഗമാക്കാൻ കഴിയണം. സ്കൂൾ തല മാസ്റ്റർ പ്ലാനിലും ഇംപ്ലിമെന്റേഷൻ പ്ലാനിലും ഓരോ പ്രദേശത്തിന്റെയും സ്കൂളിന്റെയും സാഹചര്യത്തിനനുസരിച്ച് ഇക്കാര്യങ്ങൾ ഉൾച്ചേർക്കാൻ കഴിയണം. ഹരിതോത്സവത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന ദിനങ്ങൾ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

ഹരിതോൽസവത്തിൽ മുഖ്യമായും ദിനാചരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലോക പരിസ്ഥിതിദിനമായ ജൂൺ 5 ന് തുടങ്ങി ലോക വിദ്യാർത്ഥി ദിനമായ നവമ്പർ 17 ന് അവസാനിക്കുന്ന തരത്തിൽ പത്ത് ഉത്സവ ദിനങ്ങളാണ് ഇതിന്റെ ഉള്ളടക്കം.

ലോക പരി സ്ഥിതിദിനം ( ജൂൺ 5)

മരുവത്ക്കരണ ദിനം(ജൂൺ 17),

ഡോക്ടർ ദിനം(ജൂലൈ 1),

ലോക പ്രകൃതി സംരക്ഷണദിനം (ജൂലൈ 28),

പുനരുപയോഗ ദിനം(ആഗസ്റ്റ് 9),

State Mission Office, Room No.486,Secretariat Annexe II, Phone Number: 0471 - 2518786
e-mail: keralaeducationmission@gmail.com

ദേശീയ കായിക ദിനം(ആഗസ്റ്റ് 29),

ഓസോൺ ദിനം (സെപ്റ്റംബർ 16),

ഗാന്ധിജയന്തി(ഒക്ടോബർ 2),

ലോക ഭക്ഷ്യദിനം(ഒക്ടോ ബർ 16)

ലോക വിദ്യാർത്ഥിദിനം (നവമ്പർ 17)

വിവിധ പ്രോജക്ടുകൾ, സർവ്വേകൾ,ജല ഓഡിറ്റ്, രചനാപ്രവർത്തനങ്ങൾ, കാർഷികപ്രവർത്തനങ്ങൾ, ഭക്ഷ്യമേള, ചർച്ചാക്ളാസുകൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ ആരോഗ്യവും കായികമായ കഴിവുകളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. മഴവെള്ളസംഭരണവും പ്ലാസ്റ്റിക്ക് നിയന്ത്രണവും വൃക്ഷവത്ക്കരണവും മാലിന്യസംസ്കരണവും ഇതിലുണ്ട്. ഭാവനാശാലിയായ അദ്ധ്യാപകർക്ക് കൂടുതൽ പ്രവർത്തനങ്ങൾ സർഗ്ഗാത്മകമായി ഉൾപ്പെടുത്താൻ കഴിയുംവിധം വഴക്കമുള്ള ശൈലിയാണ് ഹരിതോത്സവം സ്വീകരിച്ചിട്ടുള്ളത്.

കുട്ടികളിൽ പരിസ്ഥിതി അവബോധം ഉളവാക്കാൻ കഴിയുംവിധം ഈ ദിനങ്ങളെ സമീപിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്താനും നമുക്ക് കഴിയേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് സർക്കാർ ഇറക്കിയ സർക്കുലറും ഇതോടൊപ്പമുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡയറക്ടർമാർക്കും

എല്ലാ ഡി.ഡി.ഇ മാർക്കും

എല്ലാ ഹയർസെക്കന്ററി ആർ.ഡി.ഡി മാർക്കും -ഹയർസെക്കന്ററി ഡയറക്ടർ മുഖേന

എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി എ.ഡിമാർക്കും- വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ മുഖേന

ഡി.ഒ മാർക്കും

എ.ഇ.ഒ.മാർക്കും

എല്ലാ പ്രിൻസിപ്പൽമാർക്കും ,ഹെഡ്മാസ്റ്റർമാർക്കും ബന്ധപ്പെട്ട ഓഫീസർമാർ മുഖേന

കേരള സർക്കാർ

നം. ജി3/256/18/പൊവിവ

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്

തിരുവനന്തപുരം,
തീയതി: 02/06/2018

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹരിത കേരളം മിഷൻ- ഹരിതോത്സവം - സംബന്ധിച്ച്.

സൂചന:- ഹരിത കേരള മിഷന്റെ 28/05/2018 ലെ എ2/025/എച്ച്.കെ.എം./2018 നമ്പർ കത്ത്.

*********************

ഹരിത വിദ്യാലയമെന്നത് ലോകമെങ്ങും അംഗീകരിച്ച ഒരു സമീപനമാണ്. വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ പ്രകൃതി സൗഹൃദമാക്കുക എന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്. അതോടൊപ്പം കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന പഠനാന്തരീക്ഷത്തിലൂടെയും പഠനാനുഭവങ്ങളിലൂടെയും പാരിസ്ഥിതികാവബോധം ഒരുക്കുക, പ്രകൃതിയെ അറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവം വികസിപ്പിക്കുക എന്നതും ഈ സമീപനത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭ്യാസ, സംരക്ഷണയജ്ഞം ഇത്തരമൊരു സമീപനം പ്രയോഗപഥത്തിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നുണ്ട്.

അതിന്റെ ഭാഗമായി പൊതുലക്ഷ്യത്തിൽ താഴെപ്പറയുന്നവ കൂടി ഉൾച്ചേർന്നിട്ടുണ്ട്.

1. പുതിയ തലമുറയിൽ കാർഷിക ആഭിമുഖ്യം വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

2. മദ്യപാനം, മയക്കുമരുന്ന് എന്നിവയെ പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തുക.

3. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിവിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.

4. കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിക്കുക വഴി പ്രകൃതിക്കിണങ്ങിയ പതിനായിരം മാതൃകാതുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.

ഇതിനായി ഇതുവരെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്

I. വിദ്യാലയങ്ങളിൽ ഹരിതോത്സവത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ

സഹകരണത്തോടെ ഹരിതകേരള മിഷൻ ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പരിസ്ഥിതി പ്രാധാന്യമുള്ളതും വിദ്യാലയത്തിന്റെ ഹരിതവത്ക്കരണത്തിന് സഹായകമായതുമായ പത്ത് ഉത്സവ ദിവസങ്ങളെക്കുറിച്ചുള്ള വിവരദായകങ്ങളായ കുറിപ്പുകളും ഹരിത വിദ്യാലയങ്ങളുടെ പ്രസക്തിയും പ്രാധാന്യവും വിശദീകരിച്ചിട്ടുണ്ട്. ഹരിത വിദ്യാലയ സമീപന രേഖയും; ഇതിനു പുറമെ ഗ്രീൻ പ്രോട്ടോക്കോൾ, ജലഓഡിറ്റിംഗ്, വിദ്യാലയം എത്രമാത്രം ഹരിതമാണ് എന്ന് കണ്ടെത്തുന്നതിനും ഉള്ള ചോദ്യാവലികൾ, ജൈവവൈവിധ്യ രജിസ്റ്ററിന്റെ മാതൃക, വിദ്യാലയവിലയിരുത്തൽ രേഖ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

II. അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി മുഴുവൻ ആദ്ധ്യാപകർക്കും അര ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

1. ഹരിത വിദ്യാലയം എന്ന സങ്കൽപ്പത്തെക്കുറിച്ച് ധാരണ നേടുക
2. പാരിസ്ഥിതിക അവബോധമുള്ള തലമുറയെ സൃഷ്ടിക്കുക; അതിന്റെ പ്രാധാന്യം തിരിച്ചറിയുക.
3. പഠന നേട്ടങ്ങളേയും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളെയും ദിനാചരണങ്ങളുമായി കൂട്ടിയിണക്കുന്ന ഹരിതോത്സവം പദ്ധതിയെക്കുറിച്ച് ധാരണ നേടുക
4. അതത് വിഷയങ്ങളുമായി ബന്ധപ്പെട്ട് ഹരിതോത്സവ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
5. അതത് വിഷയങ്ങളിലെ പഠന നേട്ടങ്ങളുമായി ബന്ധപ്പെടുത്തി ജൈവ വൈവിദ്ധ്യ ഉദ്യാനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവു വളർത്തുക.

ഹരിതോത്സവം കൈപ്പുസ്തകം എല്ലാ അദ്ധ്യാപകർക്കും എത്തിച്ചു. പരിസ്ഥിതിദിനമായ ജൂൺ 5ന് തുടങ്ങി ലോക വിദ്യാർത്ഥി ദിനമായ നവംബർ 17 ന് അവസാനിക്കുന്ന തരത്തിൽ പത്ത് ഉത്സവ ദിനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. മരുവത്ക്കരണ ദിനം(ജൂൺ17), ഡോക്ടർ ദിനം (ജൂലൈ1), ലോക പ്രകൃതി സംരക്ഷണ ദിനം (ജൂലൈ 28), പുനരുപയോഗ ദിനം(ആഗസ്റ്റ്9), ദേശീയ കായിക ദിനം (ആഗസ്റ്റ് 29) ഓസോൺ ദിനം(സെപ്റ്റംബർ 16), ഗാന്ധിജയന്തി(ഒക്ടോബർ 2), ലോക ഭക്ഷ്യ ദിനം (ഒക്ടോബർ 16) എന്നിവയാണ് മറ്റ് എട്ട് ഉത്സവ ദിനങ്ങൾ. ഇവ മൂന്ന് ശൃംഖലകളായിട്ടാണ് നടപ്പാക്കുന്നത്. ജൂൺ 5 - ജൂലൈ 28(ഒന്നാം ശൃംഖല), ആഗസ്റ്റ്9 - സെപ്റ്റംബർ 16(രണ്ടാം ശൃംഖല), ഒക്ടോബർ 2 - നവംബർ 17 (മൂന്നാം ശൃംഖല) എന്നിവയാണ് ഈ ശൃംഖലകൾ.

ഈ ദിനങ്ങൾ പത്ത് ഉത്സവ ദിനങ്ങളായി ക്രമീകരിച്ച് ആഘോഷിക്കുന്നതിലൂടെ താഴെപ്പറയുന്ന നേട്ടങ്ങളാണ് ലക്ഷ്യമിടുന്നത്

1. ഓരോ ദിനാഘോഷത്തിലും വിദ്യാലയത്തെ കൂടുതൽ ഹരിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഓരോ ദിനാഘോഷത്തിലും നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് തൊട്ടടുത്ത ദിനാഘോഷത്തിന്റെ പ്രവർത്തനം നിർദ്ദേശിച്ചിട്ടുള്ളത്. പത്ത് ഉത്സവങ്ങൾ പൂർത്തിയാകുമ്പോൾ വിദ്യാലയം ഹരിത വിദ്യാലത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെ പാതയിലാകും.

2. ഓരോ പ്രവർത്തനവും പഠന പ്രവർത്തങ്ങളോട് ബന്ധിപ്പിക്കാൻ കഴിയും വിധമാണ് പ്രവർത്തങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് പഠന പ്രവർത്തനങ്ങൾക്കുള്ള സമയം നഷ്ടപ്പെടുത്താതെ തന്നെ ഇവ പൂർത്തിയാക്കാൻ കഴിയും.

3. വിദ്യാലയങ്ങളിൽ ധാരാളം ദിനാചരണങ്ങൾ നടക്കാറുണ്ട്. എന്നാൽ പലപ്പോഴും അവ പ്രമുഖ വ്യക്തികളുടെ പ്രഭാഷണങ്ങളിലോ പ്രചരണ പരിപാടികളിലോ ഒതുങ്ങി നിൽക്കുകയാണ് പതിവ്. ഈ പോരായ്മ പരിഹരിക്കാൻ ഹരിതോത്സവത്തിന് കഴിയും.

<u>ഇനി വേണ്ടത്</u>

ഇപ്പോൾ ഹരിതോത്സവം സംഘടിപ്പിക്കുന്നതിനുള്ള പരിശീലനം കിട്ടിയിട്ടുണ്ട്. ഇനി ഈ പ്രവർത്തനത്തിന് ഗതിവേഗം കിട്ടത്തക്ക വണ്ണം ആവശ്യമായ പ്രചരണവും സാമൂഹ്യ പങ്കാളിത്തവും മാദ്ധ്യമ പിന്തുണയും ഉറപ്പ് വരുത്തണം. ഇതിനാവശ്യമായ പൊതുപരിപാടികൾ സംഘടിപ്പിച്ചാൽ പൊതുവിൽ അദ്ധ്യാപകസമൂഹത്തിന്റേയും പൊതുസമൂഹത്തിന്റെ തന്നെയും ശ്രദ്ധ ഹരിതോത്സവത്തിന് ലഭിക്കുകയും അത് പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. ഇതിനായി,

1. ജൂൺ 5 ന് പരിസ്ഥിതിദിനത്തിൽ ഹരിതോത്സവത്തിന്റെ ഉദ് ഘാടനം നടത്തണം. സംസ്ഥാന ജില്ലാ , സബ് ജില്ലാ, പഞ്ചായത്ത്, സ്കൂൾ എന്നിങ്ങനെ അഞ്ച് തലങ്ങളിൽ ഉദ് ഘാടനം നടത്തണം. ഒരോ തലത്തിലും അതത് തലത്തിലെ ജനപ്രതിനിധികൾ പങ്കെടുക്കണം.

2. ജല സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി ഹരിത കേരളം മിഷൻ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ 'തുള്ളികൾ' എന്ന ആനിമേഷൻ വീഡിയോ പരമ്പര തയ്യാറാക്കിയിട്ടുണ്ട്.എല്ലാ വിദ്യാലയങ്ങളിലും ഇത് പ്രദർശിപ്പിക്കുവാൻ കഴിയും. ഇതിന്റെ പ്രകാശനവും ഹരിതോത്സവത്തിന്റെ ഭാഗമായി നടത്തണം.

3. ഓരോ വിദ്യാലയവും ജൂൺ 5 മുതൽ ആരംഭിക്കുന്ന ഹരിതോത്സവത്തിന്റെ പ്രവർത്തന പരിപാടി തയ്യാറാക്കാൻ നിർദ്ദേശം നല്കണം, അദ്ധ്യാപക പരിശീലനത്തിൽ നിർദ്ദേശിച്ചത് പോലെ പഠന നേട്ടവുമായി ബന്ധിപ്പിച്ച് ഇത് ചെയ്യാൻ നിർദ്ദേശം നല്കണം

എ.ഷാജഹാന്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും മുഖാന്തിരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.